**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1835** **13-02-2025 - ൽ മറുപടിയ്ക്ക്**

**ജസ്റ്റിസ് ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ജസ്റ്റിസ് ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ? | (എ) | സംസ്ഥാനത്തെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കുവാൻ വേണ്ടി 05/11/2020 തീയതിയിലെ സ.ഉ.(എം.എസ്.)നം.214/ 2020/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായതാണ് ജസ്റ്റിസ് (റിട്ട.) ജെ.ബി.കോശി കമ്മീഷൻ. ബഹു. മുഖ്യമന്ത്രിക്ക് ജസ്റ്റിസ് (റിട്ട.) ജെ.ബി.കോശി കമ്മീഷൻ സമർപ്പിച്ച 284 ശുപാർശകൾ അടങ്ങിയ പഠന റിപ്പോർട്ട് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി 20.06.2023 –ൽ ആഭ്യന്തര വകുപ്പിൽ നിന്നും ന്യൂനപക്ഷ ക്ഷേമ വകുപ്പിലേക്ക് കൈമാറിയിരുന്നു.<br><br>ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകളിൽ നടപ്പാക്കേണ്ടവ അതാത് വകുപ്പുകളിൽ പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ബന്ധപ്പെട്ട വകുപ്പുകൾ കൈക്കൊള്ളേണ്ട നടപടികൾ ചർച്ച ചെയ്യുന്നതിനായും അവ ക്രോഡീകരിക്കുന്നതിനായും സെക്രട്ടറിമാരുടെ യോഗം വകുപ്പ് മന്ത്രി 09.01.2024 തീയതിയിലും ന്യൂനപക്ഷ ക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട ശുപാർശകളിൻമേൽ നടപടി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 22.08.2024 തീയതിയിലും യോഗം വിളിച്ച് ചേർക്കുകയുണ്ടായി. കൂടാതെ, ജസ്റ്റിസ് (റിട്ട.) ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ച് അഭിപ്രായങ്ങൾ സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും സ.ഉ.(സാധാ)നം.993/2024/ പൊ.ഭ.വ. നമ്പരായി 02.03.2024 തീയതിയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് കമ്മീഷൻ ശുപാർശകളിൻമേൽ ബന്ധപ്പെട്ട വകുപ്പുകൾ |

| | | | |
|---|---|---|---|
| | | | സ്വീകരിയ്ക്കേണ്ട നടപടികൾ അവലോകനം ചെയ്യുന്നുണ്ട്.<br><br>ജസ്റ്റിസ് (റിട്ട.) ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ സംബന്ധിച്ച വിഷയം ചർച്ച ചെയ്ത് അന്തിമരൂപം തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരുമായും, ഉദ്യോഗസ്ഥരുമായും 17.02.2025-ന് ബഹു.മുഖ്യമന്ത്രി യോഗം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകൾ ക്രോഡീകരിച്ച് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ